കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം -ശ്രീ.പി.രാധാകൃഷ്ണൻ,റവന്യൂ ഇൻസ്പെക്ടർ,പയ്യന്നൂർ നഗരസഭ -അച്ചടക്കനടപടി അപ്പീൽ തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1955/2016/തസ്വഭവ. തീയതി: തിരുവനന്തപുരം,20/06/2016.

പരാമർശം : 1.18/01/2011 ലെ സ.ഉ(സാധാ) നം.187/2011/തസ്ഭവ നമ്പർ ഉത്തരവ്.
2.നഗരകാര്യ ഡയറക്ടറുടെ 18/05/2015 ലെ വി2/1030/11 നമ്പർ ഉത്തരവു നടപടിക്രമം.
3 കണ്ണൂർ നഗരസഭ റവന്യുഇൻസ്പെക്ടർശ്രീ.പി.രാധാകൃഷ്ണന്റെ 24/11/2015 ലെ അപ്പീൽ അപേക്ഷ.
4.നഗരകാര്യ ഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത വി2-1030/11 നമ്പർ കത്ത്.

ഉത്തരവ്

ശ്രീ.എസ്.എൻ.പി.കുഞ്ഞിമൂസ, ശ്രീമതി.കെ.ആസ്യ, ശ്രീ.കെ.കെ.ഹാരിസ് തുടങ്ങിയവരുടെ അപേക്ഷയിന്മേൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റോ, കംപ്ലീഷ്യൻ പ്ലാനോ ഒക്യുപൻസി സർട്ടിഫിക്കറ്റോ ഇല്ലാതെ തെറ്റായി താഴത്തെ 11 മുറികൾക്കും ഒന്നാം ലയിലെ 26 മുറികൾക്കും നമ്പർ കൊടുക്കുകയും 6/10 ലെ മാസാന്ത്യ ലിസ്റ്റ് തയ്യാറാക്കുകയും നഗരസഭാ സെക്രട്ടറിയുടെ 22.07.2010 ലെ ഉത്തരവിൻ പ്രകാരം നമ്പർ റദ്ദ് ചെയ്ത കെട്ടിടത്തിൽ അനധികൃതമായി വ്യാപാരം നടത്തുന്നതിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗപ്പെടുത്തി വരുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടും പ്രസ്തുത ഉത്തരവ് യഥാസമയം നടപ്പാക്കാതിരിക്കുകയും ചെയ്യുക തുടങ്ങിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയിരുന്ന റവന്യൂ ഇൻസ്പെക്ടർ ശ്രീ.പി.രാധാകൃഷ്ണനെ പരാമർശം(1) ലെ ഉത്തരവു പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ടിയാന് നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.പി.രാധാകൃഷ്ണൻ സമർപ്പിച്ച മറുപടിയിൽ ടി ആരോപണങ്ങളിൽ ഒന്നാം നിലയ്ക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താതെ 26 നമ്പറുകൾ നൽകുന്നതിന് ലിസ്റ്റ് തയ്യാറാക്കിയതിൽ തെറ്റ് സംഭവിച്ചിട്ടുള്ളതായി ടിയാൻ സമ്മതിച്ചിട്ടുള്ളതും തെറ്റ് സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ 6/10 ലെ മാസാന്ത്യ ലിസ്റ്റ് പ്രകാരം അനുവദിച്ച മുഴുവൻ നമ്പറുകളും റദ്ദ് ചെയ്യാൻ ടിയാൻ ശുപാർശ ചെയ്തിട്ടുള്ളതും 22.07.2010 ലെ ഉത്തരവ് നടപ്പിലാക്കാൻ കഴിയാതിരുന്നത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തുന്നതിനുള്ള ചുമതലയും പോളിംഗ് സ്റ്റേഷൻ സജ്ജീകരിക്കുന്നതിനുള്ള ചുമതലയും ഉണ്ടായിരുന്നതിനാലാണെന്നും അറിയിച്ചിരുന്നു. ആകയാൽ ടിയാന്റെ ഭാഗത്തുനിന്നും ഔദ്യോഗിക ചുമതലയിൽ വീഴ്ച പറ്റിയതായി തെളിഞ്ഞ സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ തീർപ്പാക്കി. ടി നടപടിക്രമത്തിനെതിരെ ശ്രീ.പി.രാധാകൃഷ്ണൻ സർക്കാരിൽ പരാമർശം (3) പ്രകാരം അപ്പീൽ സമർപ്പിച്ചു.

2. ടി വിഷയത്തിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ പരാമർശം(4) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ശ്രീ.പി.രാധാകൃഷ്ണന്റെ ഭാഗത്തുനിന്നും ഔദ്യോഗിക ചുമതലയിൽ വീഴ്ച പറ്റിയതായി തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ്. ആയതിനാൽ, ശ്രീ.പി.രാധാകൃഷ്ണനെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കി നൽകണമെന്ന പരാമർശം (3) ലെ അപ്പീലിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.രത്നമ്മ,

ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,പയ്യന്നൂർ നഗരസഭ
ശ്രീ.പി.രാധാകൃഷ്ണൻ,റവന്യൂ ഇൻസ്പെക്ടർ,പയ്യന്നൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.